ഭരണഭാഷ – മാതൃഭാഷ

നമ്പർ . സി2-146142/2017

കളക്ടറേറ്റ്, പത്തനംതിട്ട
തീയതി : 10/07/2019

ജില്ലാ കളക്ടർ
പത്തനംതിട്ട

ജില്ലാ ഇൻഫർമാറ്റിക് ആഫീസ്സർ
എൻ .ഐ. സി
കളക്ടറേറ്റ്
പത്തനംതിട്ട

സർ,

വിഷയം : പുനലൂർ - തൊട്ടുപുഴ റോഡ് വികസനം - ചേത്തക്കൽ, മൈലപ്ര, കുടൽ, റാന്നി എന്നീ വില്ലേജുകളിൽ നിന്നും 7.80 ആർ സ്ഥലമെടുപ്പ് - 4(1) വിജ്ഞാപനം പ്രസദ്ധീകരിക്കുന്നത് -സംബന്ധിച്ച്

സൂചന : ജില്ലാ കളക്ടറുടെ 14/06/2019 ലെ സി 2 -146142/2017 നമ്പർ നോട്ടിഫിക്കേഷൻ

സൂചന ശ്രദ്ധിച്ചാലും. പുനലൂർ - തൊട്ടുപുഴ റോഡ് വികസനത്തിനായി ചേത്തക്കൽ, മൈലപ്ര, കുടൽ, റാന്നി എന്നീ വില്ലേജുകളിൽ നിന്നും 7.80 ആർ സ്ഥലം എൽ.എ. ആർ. ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഗസറ്റിൽ പ്രസദ്ധീകരിക്കുവാനയച്ചിട്ടുള്ള 4(1) വിജ്ഞാപനം ഉള്ളടക്കം ചെയ്യുന്നു. ആയത് ജില്ലാ കളക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

ഡെപ്യൂട്ടി കളക്ടർ (എൽ.എ)
ജില്ലാ കളക്ടർക്കുവേണ്ടി

ഫോറം നം. 4
(റൂൾ 11(3) കാണുക)

**വിജ്ഞാപനം**

സി2-146142/17 തീയതി: 14/06/2019.

കേരള സർക്കാർ 09.12.2015-ലെ 2753-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പരസ്യപ്പെടുത്തിയ 04.12.2015-ലെ സ.ഉ (സാധാരണ) നമ്പർ 649/2015/റ.വ. വിജ്ഞാന പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013-ലെ കേന്ദ്ര ആക്ട്, 30) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പത്തനംതിട്ട പൊന്നുംവില സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരുന്നതിനാലും

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് പുനലൂർ - തൊടുപുഴ റോഡ് വികസനത്തിനായി ചേത്തക്കൽ, മൈലപ്ര, കുടൽ, റാന്നി എന്നീ വില്ലേജുകളിൽ നിന്നും ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ, ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013-ലെ കേന്ദ്ര ആക്ട് 30) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാ കളക്ടർ, താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ

ഇപ്പോൾ തൻമൂലം ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ ഡയറക്ടർ, സെന്റർ ഫോർ മാനേജ് മെന്റ് ഡെവലപ്മെന്റ്, തൈക്കാട്,

തിരുവനന്തപുരം - 695014.എന്ന യൂണീറ്റിനെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ 45 ദിവസത്തിനകം പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും 6 മാസത്തിൽ കൂടുവാൻ പാടുള്ളതല്ല.

<u>**പട്ടിക**</u>

ജില്ല: പത്തനംതിട്ട

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരിക്കുന്നത്)

| താലൂക്ക് | വില്ലേജ് | സർവ്വേ നം | വിസ്തീർണ്ണം |
|---|---|---|---|
| റാന്നി | ചേത്തക്കൽ | 100/29-30 | 37 ച. മീ |
| | | 115/3-12 | 1 ച. മീ |
| | | 116/1-4 പാർട്ട് | 40 ച. മീ |
| | | 67/3-11 പാർട്ട് | 173 ച. മീ |
| കോന്നി | മൈലപ്ര | 9/8-5 | 5 ച. മീ |
| | | 578/1-1 | 38 ച. മീ |
| കോന്നി | കൂടൽ | 103/18-21 | 280 ച. മീ |
| റാന്നി | റാന്നി | 132/10-23 | 26 ച. മീ |
| | | 278/2-7 | 60 ച. മീ |
| | | 54/1-12 | 120 ച. മീ |
| | | **ആകെ** | **07.80 ആർസ്** |

ജില്ലാ കളക്ടർ